**മധുരമായ കുട്ടികളേ, നിങ്ങൾക്കിപ്പോൾ നാമരൂപത്തിൽ കുടുങ്ങുന്നതിന്റെ രോഗത്തിൽ നിന്നും മോചിതരാകണം, വിപരീതമായ കണക്കുകൾ ഉണ്ടാക്കരുത്, ഒരു ബാബയുടെ ഓർമ്മയിലിരിക്കണം.**

**ചോദ്യം:** ഭാഗ്യവാന്മാരായിട്ടുള്ള കുട്ടികൾ മുഖ്യമായും ഏത് പുരുഷാർത്ഥത്തിലൂടെയാണ് അവരുടെ ഭാഗ്യമുണ്ടാക്കുന്നത്?

**ഉത്തരം** :ഭാഗ്യവാന്മാരായിട്ടുള്ള കുട്ടികൾ സർവ്വർക്കും സുഖം കൊടുക്കുവാനുള്ള പുരുഷാർത്ഥം ചെയ്യുന്നു. മനസ്സാ-വാചാ-കർമ്മണാ ആർക്കും ദുഃഖം കൊടുക്കുന്നില്ല. ശാന്തമായിരിക്കുന്നത് കാരണം ഭാഗ്യമുണ്ടായികൊണ്ടിരിക്കുന്നു. ഇത് നിങ്ങളുടെ വിദ്യാർത്ഥി ജീവിതമാണ്, നിങ്ങൾ ഇപ്പോൾ ഉറക്കം തൂങ്ങിയിരിക്കാതെ വളരെ സന്തോഷത്തോടെ യിരിക്കണം.

**ഗീതം** : അങ്ങ് തന്നെയാണ് മാതാവും പിതാവും. . . . . .

**ഓം ശാന്തി**. എല്ലാ കുട്ടികളും മുരളി കേൾക്കുകയാണ്, എവിടെയെല്ലാം മുരളി പോകുന്നുണ്ടോ, അതൊരു സാകാരിയുടേതല്ല, നിരാകാരന്റെ മഹിമയാണ് പറയുന്നത് എന്ന് സർവ്വർക്കും അറിയാം. നിരാകാരൻ ഈ സാകാര ശരീരത്തിലൂടെ ഇപ്പോൾ സന്മുഖത്ത് മുരളി കേൾപ്പിച്ചു കൊണ്ടിരിക്കുകയാണ്. നമ്മൾ ആത്മാക്കൾ ഇപ്പോൾ ആ നിരാകാരനെ കണ്ടു കൊണ്ടിരിക്കുകയാണ് എന്നും പറയുന്നു! ആത്മാവ് വളരെ സൂക്ഷ്മമാണ്, ആത്മാവിനെ ഈ കണ്ണുകളിലൂടെ കാണുവാൻ സാധിക്കില്ല. നമ്മൾ ആത്മാക്കൾ വളരെ സൂക്ഷ്മമാണ് എന്ന് ഭക്തീമാർഗ്ഗത്തിലും പറയുന്നുണ്ട്. പക്ഷേ ആത്മാവ് എന്താണ് എന്ന് പൂർണ്ണമായുള്ള രഹസ്യം ബുദ്ധിയിൽ ഇല്ല, പരമാത്മാവിനെ ഓർമ്മിക്കുന്നുണ്ട് എന്നാൽ അത് എന്താണ് എന്ന് ലോകത്തിലുള്ളവർ അറിയുന്നില്ല. നിങ്ങൾക്കും അറിയില്ലായിരുന്നു. ഇത് ലൗകീക ടീച്ചറോ ബന്ധുവോ അല്ല എന്ന നിശ്ചയം നിങ്ങൾ കുട്ടികൾക്കുണ്ട്. ഈ സൃഷ്ടിയിലുള്ള മറ്റ് മനുഷ്യരെപ്പോലെ തന്നെയായിരുന്നു ഈ ദാദയും. അങ്ങ് തന്നെയാണ് അമ്മയും, അച്ഛനും...... എന്നൊക്കെയുള്ള മഹിമകൾ പാടിയിരുന്നപ്പോൾ നിങ്ങൾ കരുതിയത് മുകളിലാണ് അമ്മയും അച്ഛനും എന്നാണ്. ബാബ പറയുന്നു ഞാൻ ഇദ്ദേഹത്തിൽ പ്രവേശിച്ചിരിക്കുകയാണ്. മുൻപ് വളരെ സ്നേഹത്തോടെയാണ് മഹിമകൾ പാടിയിരുന്നത്, ഭയവും ഉണ്ടായിരുന്നു. ഇപ്പോൾ ആ ബാബ ഇവിടെ ഈ ശരീരത്തിൽ വന്നിരിക്കുകയാണ്. ആ നിരാകാരൻ ഇപ്പോൾ സാകാരത്തിൽ വന്നിരിക്കുകയാണ്. ആ ബാബ കുട്ടികളെ പഠിപ്പിക്കുന്നു. എന്താണ് പഠിപ്പിക്കുന്നത് എന്ന് ലോകത്തിലുള്ളവർ അറിയുന്നില്ല. കൃഷ്ണനാണ് ഗീതയുടെ ഭഗവാൻ എന്ന് അവർ കരുതുന്നു. അവർ പറയുന്നത് കൃഷ്ണൻ രാജയോഗം പഠിപ്പിക്കുന്നു എന്നാണ്. ശരി, അങ്ങനെയാണെങ്കിൽ ബാബ എന്താണ് ചെയ്യുന്നത്? നീ തന്നെയാണ് അമ്മയും അച്ഛനും എന്ന് പാടുന്നുണ്ട്, എന്നാൽ ആ പരമാത്മാവിൽ നിന്നും എന്താണ് ലഭിക്കുന്നതെന്നോ, എപ്പോഴാണ് ലഭിക്കുന്നത് എന്നോ അറിയുന്നില്ല. ഗീത കേൾക്കുമ്പോൾ കൃഷ്ണനിലൂടെയാണ് രാജയോഗം പഠിക്കുന്നത് എന്നാണ് കരുതിയിരുന്നത്, എന്നാൽ കൃഷ്ണൻ എപ്പോഴാണ് വന്ന് പഠിപ്പിക്കുന്നത്. ഈ സമയം അതേ മഹാഭാരതയുദ്ധമാണ് നടക്കുന്നത് അപ്പോൾ തീർച്ചയായും കൃഷ്ണന്റെ സമയമാണ്. തീർച്ചയായും അതേ ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കുക തന്നെ വേണം. ഓരോ ദിവസവും മനസ്സിലാക്കുന്നുണ്ട്. ഗീതയുടെ ഭഗവാനും തീർച്ചയായും ഉണ്ടായിരിക്കണം. മഹാഭാരതയുദ്ധവും കാണുവാൻ സാധിക്കുന്നുണ്ട്. തീർച്ചയായും ഈ ലോകത്തിന്റെ അവസാനമുണ്ടാകും. പാണ്ഡവർ പർവ്വതങ്ങളിലേയ്ക്ക് പോയതായി കാണിക്കുന്നുണ്ട്. എങ്കിൽ വിനാശം മുന്നിൽ നില്ക്കുകയാണെന്ന് അവരുടെ ബുദ്ധിയിൽ തോന്നിയിരിക്കണം. ഇപ്പോൾ കൃഷ്ണൻ എവിടെയാണ്? ഗീതയുടെ ഭഗവാൻ കൃഷ്ണൻ അല്ല, ശിവനാണ് എന്നത് നിങ്ങളിൽ നിന്നും കേൾക്കുന്നത് വരെ അന്വേഷിച്ചുകൊണ്ടിരിക്കും. നിങ്ങളുടെ ബുദ്ധിയിൽ ഈ കാര്യം വളരെ നന്നായി ഉറച്ചു കഴിഞ്ഞു. ഇത് നിങ്ങൾ ഒരിക്കലും മറക്കില്ല. ഗീതയുടെ ഭഗവാൻ കൃഷ്ണനല്ല ശിവനാണ് എന്ന് ആർക്ക് വേണമെങ്കിലും പറഞ്ഞ് കൊടുക്കുവാൻ സാധിക്കും. നിങ്ങൾ കുട്ടികൾ അല്ലാതെ ലോകത്തിൽ മറ്റാരും ഈ കാര്യം പറയില്ല. ഗീതയുടെ ഭഗവാൻ രാജയോഗം പഠിപ്പിച്ചിരുന്നു, അപ്പോൾ അതിലൂടെ തെളിയുന്നത് നരനിൽ നിന്നും നാരായണനാക്കി മാറ്റിയിരുന്നു എന്നാണ്. ഭഗവാൻ നമ്മളെ പഠിപ്പിക്കുകയാണ് എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. നരനിൽ നിന്നും നാരായണനാക്കി മാറ്റുകയാണ്. ഈ ലക്ഷ്മീ നാരായണൻ സ്വർഗ്ഗത്തിൽ രാജ്യം ഭരിച്ചിരുന്നവരാണ്. ഇപ്പോൾ ആ സ്വർഗ്ഗവും ഇല്ല, നാരായണനും ഇല്ല, ദേവതകളും ഇല്ല. ഇവർ മുൻപ് ഉണ്ടായിരുന്നവരാണ് എന്നത് ചിത്രങ്ങളിലൂടെ മനസ്സിലാക്കുന്നു. ഇവർ എത്ര വർഷങ്ങൾക്ക് മുൻപാണുണ്ടായിരുന്നത് എന്ന് നിങ്ങൾക്കിപ്പോൾ അറിയാം. അയ്യായിരം വർഷങ്ങൾക്ക് മുൻപ് ഇവരുടെ രാജ്യമായിരുന്നു. ഇപ്പോൾ

അവസാനമായിരിക്കുകയാണ്. യുദ്ധവും മുന്നിൽ നില്ക്കുകയാണ്. ബാബ നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന് നിങ്ങൾക്കറിയാം. എല്ലാ സെന്ററുകളിലും പഠിക്കുന്നുമുണ്ട് പഠിപ്പിക്കുന്നുമുണ്ട്. പഠിപ്പിക്കുവാനുള്ള യുക്തി വളരെ നല്ലതാണ്. ചിത്രങ്ങളിലൂടെ വളരെ നല്ലരീതിയിൽ മനസ്സിലാക്കുവാൻ സാധിക്കും. ഗീതയുടെ ഭഗവാൻ ശിവനാണോ കൃഷ്ണനാണോ എന്നതാണ് മുഖ്യമായിട്ടുള്ളത്. വളരെയധികം വ്യത്യാസമുണ്ടല്ലോ അല്ലേ. സത്ഗതി ദാതാവും സ്വർഗ്ഗം സ്ഥാപികുന്നവൻ അഥവാ ആദി സനാതന ദേവീ ദേവതാ ധർമ്മം വീണ്ടും സ്ഥാപിക്കുന്നവൻ ശിവനാണോ അതോ കൃഷ്ണനാണോ? ഈ മൂന്ന് കാര്യങ്ങളുടെ ഉത്തരമാണ് പ്രധാനപ്പെട്ടത്. ഇതിനാണ് ബാബ വളരെ പ്രാധാന്യം കൊടുക്കുന്നത്. ഇത് വളരെ നല്ല കാര്യമാണ് എന്നൊക്കെയുള്ള അഭിപ്രായങ്ങൾ എഴുതി തരാറുണ്ട് എന്നാൽ അതിലൂടെ യാതൊരു ലാഭവും ഇല്ല. മുഖ്യമായ ഈ കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കണം. അതിലാണ് നിങ്ങൾ വിജയിക്കേണ്ടത്. ഭഗവാൻ ഒന്നാണ് എന്ന് നിങ്ങൾ തെളിയിച്ച് കൊടുക്കുന്നു. ഗീത കേൾപ്പിക്കുന്നവരും ഭഗവാനാണ് എന്നല്ല. ഭഗവാൻ ഈ രാജയോഗത്തിലൂടെയും ജ്ഞാനത്തിലൂടെയും ദേവീ ദേവതാ ധർമ്മം സ്ഥാപിച്ചു.

ബാബ മനസ്സിലാക്കിത്തരുന്നു – കുട്ടികളോട് മായ യുദ്ധം ചെയ്ത് കൊണ്ടിരിക്കുകയാണ്, ഇതുവരെ ആരും കർമ്മാതീത അവസ്ഥ ആയിട്ടില്ല. പുരുഷാർത്ഥം ചെയ്ത് ചെയ്ത് അവസാനം നിങ്ങൾ ഒരു ബാബയുടെ ഓർമ്മയിൽ ഹർഷിതരായിരിക്കും. യാതൊരു തളർച്ചയും ഉണ്ടാകില്ല. ഇപ്പോളാണെങ്കിൽ തലയിൽ ധാരാളം പാപങ്ങളുടെ ഭാരമുണ്ട്. ഓർമ്മിക്കുന്നതിലൂടെ തന്നെയാണ് അത് ഇല്ലാതാകുന്നത്. ബാബ പുരുഷാർത്ഥത്തിനായുള്ള യുക്തികൾ പറഞ്ഞ് തരുന്നു. ഓർമ്മിക്കുന്നതിലൂടെ തന്നെയാണ് പാപം ഇല്ലാതാകുന്നത്. ബുദ്ധുക്കളായിട്ടുള്ള ധാരാളം പേരുണ്ട്, അവർ ഓർമ്മിക്കാത്തത് കാരണം നാമ രൂപത്തിലൊക്കെ കുടുങ്ങിപ്പോകുന്നു. സന്തോഷത്തോടുകൂടി മറ്റുള്ളവർക്ക് ജ്ഞാനം പറഞ്ഞുകൊടുക്കാനും സാധിക്കില്ല. ഇന്ന് ആർക്കെങ്കിലും പറഞ്ഞ് കൊടുക്കുന്നു എന്നാൽ നാളെ മടി പിടിക്കുന്നത് കാരണം സന്തോഷം നഷ്ടമാകുന്നു. മായയുമായുള്ള യുദ്ധം നടക്കുകയാണ് എന്ന് മനസ്സിലാക്കണം. അതുകൊണ്ട് പുരുഷാർത്ഥം ചെയ്ത് ബാബയെ ഓർമ്മിക്കണം. കരച്ചിലും പിഴിച്ചിലും തളർച്ചയും പാടില്ല. മായ ചെരുപ്പ് കൊണ്ട് അടിക്കുകയാണെന്ന് മനസ്സിലാക്കി പുരുഷാർത്ഥം ചെയ്ത് ബാബയെ ഓർമ്മിക്കണം. ബാബയെ ഓർമ്മിക്കുന്നതിലൂടെ വളരെയധികം സന്തോഷമുണ്ടാകും. എന്നെ ഓർമ്മിക്കൂ എന്ന് പതീത പാവനനായ ബാബ പറയുകയാണ്. രചയിതാവായ ബാബയെ അറിയാവുന്ന ഒരു മനുഷ്യനും ഇല്ല. മനുഷ്യനായിരുന്നിട്ട് ബാബയെ അറിയുന്നില്ലായെങ്കിൽ അതിനർത്ഥം മൃഗങ്ങളെക്കാളും മോശമാണ് എന്നതാണ്. ഗീതയിൽ കൃഷ്ണന്റെ പേര് വച്ചിരിക്കുകയാണ്, പിന്നെ ബാബയെ എങ്ങനെ ഓർമ്മിക്കും? ഇതാണ് ഏറ്റവും വലിയ തെറ്റ്. അത് നിങ്ങൾ പറഞ്ഞ് കൊടുക്കണം. ഗീതയുടെ ഭഗവാൻ ശിവബാബയാണ്, ആ ബാബയാണ് സമ്പത്ത് നല്കുന്നത്. മുക്തി – ജീവന്മുക്തി ദാതാവ് ബാബയാണ്, മറ്റ് ധർമ്മത്തിലുള്ളവരുടെ ബുദ്ധിയിൽ ഈ കാര്യങ്ങളൊന്നും മനസ്സിലാകില്ല. അവർ കണക്കുകളെല്ലാം തീർത്ത് തിരികെ പോകും. അവസാന സമയത്ത് കുറച്ച് ജ്ഞാനം കിട്ടിയാലും അവർ അവരുടെ ധർമ്മത്തിലേയ്ക്ക് തന്നെ തിരികെ പോകും. നിങ്ങൾ ദേവതകളായിരുന്നു എന്നത് ബാബ നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നു, ഇപ്പോൾ വീണ്ടും ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ ദേവതയായി മാറും. വികർമ്മങ്ങളൊക്കെ നശിക്കും. എന്നിട്ടും തെറ്റായ കർമ്മങ്ങളൊക്കെ ചെയ്യുന്നു. ഇന്ന് നമ്മുടെ അവസ്ഥ മോശമായിരുന്നു, ബാബയെ ഓർമ്മിച്ചില്ല എന്ന് പറഞ്ഞ് ബാബയ്ക്ക് കത്തെഴുതും. ഓർമ്മിച്ചില്ലായെങ്കിൽ തീർച്ചയായും തളർന്ന് പോകും. ഇത് മൃതശരീരങ്ങളുടെ ലോകമാണ്. സർവ്വരും മരിച്ചിരിക്കുകയാണ്. നിങ്ങൾ ബാബയുടേതായി കഴിഞ്ഞു അതിനാൽ ബാബയുടെ ആജ്ഞയാണ്– എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം നശിക്കും. ഈ ശരീരം പഴയതും തമോപ്രധാനവുമാണ്. അന്തിമം വരെ എന്തെങ്കിലുമൊക്കെ സംഭവിച്ചു കൊണ്ടിരിക്കും. ബാബയുടെ ഓർമ്മയിലിരുന്ന് കർമ്മാതീത അവസ്ഥയാകുന്നത് വരെ മായ കുലുക്കി കൊണ്ടിരിക്കും ആരെയും വിടില്ല. എങ്ങനെയാണ് മായ ചതിക്കുന്നത് എന്ന് പരിശോധിച്ചു കൊണ്ടിരിക്കണം. ഭഗവാൻ നമ്മളെ പഠിപ്പിക്കുകയാണ് എന്നത് എന്തുകൊണ്ടാണ് മറന്ന് പോകുന്നത്. ആത്മാവ് പറയുന്നു– നമ്മുടെ പ്രാണനെക്കാൾ പ്രിയപ്പെട്ടത് ആ ബാബ തന്നെയാണ്. അങ്ങനെയുള്ള ബാബയെ നിങ്ങൾ എന്തുകൊണ്ടാണ് മറന്ന് പോകുന്നത്! ബാബ ധനം നല്കുകയാണ്, ദാനം ചെയ്യുവാൻ വേണ്ടി. പ്രദർശിനികളിലും മേളകളിലുമൊക്കെ നിങ്ങൾക്ക് ധാരാളം ദാനം ചെയ്യുവാൻ സാധിക്കും. സ്വയമേ തന്നെ വളരെ താൽപ ര്യത്തോടുകൂടി ഓടിപ്പോകണം. ഇപ്പോൾ ബാബയ്ക്ക് താക്കീത് നല്കേണ്ടതായി വരുന്നു, ചെന്ന് മനസ്സിലാക്കി കൊടുക്കൂ. അതിനും നല്ല രീതിയിൽ മനസ്സിലാക്കിയവരായിരിക്കണം വേണ്ടത്. ദേഹാഭിമാനികളായിട്ടുള്ളവരുടെ അസ്ത്രം തറയ്ക്കില്ല. പല പ്രകാരത്തിലുള്ള വാളുകളും ഉണ്ടല്ലോ. നിങ്ങളുടെ യോഗത്തിന്റെ വാൾ വളരെ മൂർച്ചയുള്ളതായിരിക്കണം. ധാരാളം പേരുടെ മംഗളം ചെയ്യുന്നതിനായി സേവനം ചെയ്യുവാനുള്ള ഉത്സാഹമുണ്ടായിരിക്കണം. അന്തിമ സമയത്ത് ഒരു ബാബയെ അല്ലാതെ

മറ്റാരുടെയും ഓർമ്മ വരാതിരിക്കുവാനുള്ള അഭ്യാസമുണ്ടായിരിക്കണം, അപ്പോഴാണ് നിങ്ങൾ രാജപദവി നേടുന്നത്. അന്തിമസമയത്ത് ഈശ്വരനെയും പിന്നെ നാരായണനേയും ഓർമ്മിക്കണം. അച്ഛനെയും നാരായണനേയുമാണ് (സമ്പത്ത്) ഓർമ്മിക്കേണ്ടത്. എന്നാൽ മായയും ചെറുതല്ല. ആരുടെയെങ്കിലും നാമരൂപത്തിൽപ്പെട്ട് പോകുമ്പോഴാണ് തെറ്റായ കർമ്മങ്ങളുടെ ശേഖരണമുണ്ടാകുന്നത്. പരസ്പരം കത്തുകളും മറ്റും എഴുതുന്നു. ദേഹധാരികളോട് പ്രീതി തോന്നുമ്പോൾ തെറ്റായ കർമ്മങ്ങളുടെ കണക്കുണ്ടാകുന്നു. ബാബയുടെ അടുത്ത് ഇങ്ങനെയുള്ള വാർത്തകൾ വരുന്നുണ്ട്. തെറ്റായ കർമ്മങ്ങളൊക്കെ ചെയ്തിട്ട്, ബാബാ സംഭവിച്ചു പോയി എന്ന് പറയുന്നു. സമ്പാദ്യമെല്ലാം നഷ്ടമായില്ലേ! ഈ ശരീരം പതീതമായതാണ്, ഇതിനെ എന്തിനാണ് നിങ്ങൾ ഓർമ്മിക്കുന്നത്. ബാബ പറയുന്നു, എന്നെ ഓർമ്മിക്കൂ അപ്പോൾ സദാ സന്തോഷമുണ്ടാകും. ഇന്ന് വളരെ സന്തോഷിക്കുന്നു, നാളെ മൃതശരീരം പോലെയാകുന്നു. ജന്മ ജന്മാന്തരമായി നിങ്ങൾ നാമരൂപത്തിൽ കുടുങ്ങിയിരിക്കുകയായിരുന്നു. നാമരൂപത്തിൽ കുടുങ്ങിപ്പോകുന്ന ഈ രോഗം സ്വർഗ്ഗത്തിൽ ഉണ്ടായിരിക്കില്ല. അവിടെ മോഹാജീത്ത് കുടുംബമായിരിക്കും. നമ്മൾ ആത്മാവാണ് ശരീരമല്ല എന്ന അറിവുണ്ടായിരിക്കും. അത് ആത്മാഅഭിമാനികളുടെ ലോകമാണ്. ഇത് ദേഹാഭിമാനികളുടെ ലോകമാണ്. അരകല്പം നിങ്ങൾ ദേഹീ അഭിമാനികളായി മാറുന്നു. ബാബ പറയുന്നു ദേഹാഭിമാനം ഉപേക്ഷിക്കൂ. ആത്മാ അഭിമാനിയാകുന്നതിലൂടെ വളരെ ശീതളമായിത്തീരും. ബാബയുടെ ഓർമ്മ വിട്ട് പോകാതിരിക്കുവാൻ വേണ്ടി പുരുഷാർത്ഥം ചെയ്യുന്ന വളരെ കുറച്ച് പേർ മാത്രമാണുള്ളത്. ബാബയുടെ ആജ്ഞയാണ്- എന്നെ ഓർമ്മിക്കൂ, ചാർട്ട് വെയ്ക്കൂ. എന്നാൽ മായ ചാർട്ട് വയ്ക്കുവാൻ അനുവദിക്കില്ല. ഇത്രയും മധുരമായ ബാബയെ എത്രമാത്രം ഓർമ്മിക്കേണ്ടതുണ്ട്. ബാബ പതിമാരുടെയും പതിയും പിതാക്കന്മാരുടെയും പിതാവുമാണ്. ബാബയെ ഓർമ്മിക്കുകയും പിന്നെ മറ്റുള്ളവരേയും തനിക്ക് സമാനമാക്കുവാനുള്ള പുരുഷാർത്ഥവും ചെയ്യണം, ഇതിനായി വളരെയധികം താത്പര്യവും ഉണ്ടായിരിക്കണം. സേവാധാരികളായിട്ടുള്ള കുട്ടികളെ ബാബ ജോലിയിൽ നിന്നും വിടുവിക്കുന്നു. സാഹചര്യങ്ങൽ നോക്കിയിട്ട് പറയും, ഇപ്പോൾ ഈ ജോലി ചെയ്യൂ എന്ന്. ലക്ഷ്യം മുന്നിൽ നില്പ്പുണ്ട്. ഭക്തീമാർഗ്ഗത്തിലും ചിത്രങ്ങളുടെ മുന്നിലിരുന്ന് ഓർമ്മിക്കാറുണ്ടല്ലോ. നിങ്ങൾ കേവലം ആത്മാവാണെന്ന് മനസ്സിലാക്കി പരമാത്മാവായ ബാബയെ ഓർമ്മിക്കണം. വിചിത്രരായി വിചിത്രനായ ബാബയെ ഓർമ്മിക്കണം. ഇതിലാണ് പരിശ്രമമുള്ളത്. വിശ്വത്തിന്റെ അധികാരിയാവുക എന്നത് അമ്മായിയുടെ വീട്ടിലേയ്ക്ക് പോകുന്നത് പോലെ അത്ര എളുപ്പമല്ല. ബാബ പറയുന്നു- ഞാൻ വിശ്വത്തിന്റെ അധികാരിയാകുന്നില്ല, നിങ്ങളെ ആക്കിത്തീർക്കുന്നു. എത്രമാത്രം തലയിട്ടടിക്കേണ്ടി വരുന്നു. നല്ല നല്ല കുട്ടികൾക്ക് സ്വയം തന്നെ ചിന്ത വരും, അവധിയെടുത്തു സേവനം ചെയ്യും. ചില കുട്ടികൾക്ക് ബന്ധനവുമുണ്ട് മോഹവുമുണ്ട്. ബാബ പറയുന്നു നിങ്ങളുടെ എല്ലാ രോഗങ്ങളും പുറത്ത് വരും. നിങ്ങൾ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. മായ നിങ്ങളെ വീഴ്ത്താൻ ശ്രമിക്കുകയാണ്. ഓർമ്മിക്കുന്നതാണ് മുഖ്യമായിട്ടുള്ളത്, രചയിതാവിന്റെയും രചനയുടെയും ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം ലഭിച്ചു, ഇനി എന്താണ് വേണ്ടത്? ഭാഗ്യവാന്മാരായിട്ടുള്ള കുട്ടികൾ സർവ്വർക്കും സുഖം കൊടുക്കുവാനുള്ള പുരുഷാർത്ഥം ചെയ്യുന്നു. മനസ്സാ വാചാ കർമ്മണാ ആർക്കും ദുഃഖം കൊടുക്കുന്നില്ല, ശീതളമായിരിക്കുന്നു അതിനാൽ ഭാഗ്യവും ഉണ്ടാകുന്നു. ഇനി അഥവാ ഒരാൾ മനസ്സിലാക്കുന്നില്ലായെങ്കിൽ അയാളുടെ ഭാഗ്യത്തിൽ ഇല്ല എന്ന് അറിയാൻ കഴിയും. ഭാഗ്യത്തിലുള്ളവർ നല്ല രീതിയിൽ കേൾക്കുന്നു. എന്തൊക്കെയാണ് ചെയ്തിരുന്നത് എന്നുള്ള അനുഭവവും പറയാറുണ്ടല്ലോ. എന്തെല്ലാം ചെയ്തുവോ അതിലൂടെ ദുർഗതിയാണ് സംഭവിച്ചത് എന്ന് ഇപ്പോൾ മനസ്സിലായി. ബാബയെ ഓർമ്മിക്കുമ്പോഴാണ് സത്ഗതിയുണ്ടാകുന്നത്. ചിലർ വളരെ പ്രയാസപ്പെട്ടാണ് അരമണിക്കൂറും ഒരു മണിക്കൂറുമെല്ലാം ഓർമ്മിക്കുന്നത്. അല്ലായെങ്കിൽ ഉറക്കം തൂങ്ങികൊണ്ടിരിക്കുന്നു. ബാബ പറയുന്നു അരകല്പം നിങ്ങൾ ഉറക്കം തൂങ്ങുകയായിരുന്നു, ഇപ്പോൾ ബാബയെ ലഭിച്ചിരിക്കുകയാണ്, വിദ്യാർത്ഥി ജീവിതമാണിപ്പോൾ അതിനാൽ സന്തോഷം തോന്നണം. എന്നാൽ ഇടയ്ക്കിടയ്ക്ക് ബാബയെ മറന്ന് പോകുന്നു.

ബാബ പറയുന്നു നിങ്ങൾ കർമ്മയോഗികളാണ്. ജോലിയൊക്കെ ചെയ്യുകയും വേണം. ഉറക്കവും കുറക്കുന്നതാണ് നല്ലത്. ഓർമ്മിക്കുന്നതിലൂടെ സമ്പാദ്യവുമുണ്ടാകും സന്തോഷവുമുണ്ടാകും. ബാബയെ ഓർമ്മിക്കേണ്ടത് അത്യാവശ്യമാണ്. പകൽ സമയം കിട്ടുന്നില്ലായെങ്കിൽ രാത്രി സമയം കണ്ടെത്തണം. ഓർമ്മിക്കുന്നതിലൂടെ വളരെയധികം സന്തോഷമുണ്ടാകും. ബന്ധനമുള്ളവർ പറയണം, നമുക്ക് ബാബയിൽ നിന്നും സമ്പത്ത് എടുക്കണമെന്ന്, ഇതിനെ ആർക്കും തടയുവാൻ സാധിക്കില്ല. വിനാശം മുന്നിൽ നില്ക്കുകയാണ്, ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മങ്ങൾ നശിക്കും എന്ന് ഗവൺമെന്റിന് മനസ്സിലാക്കി കൊടുക്കണം. ഈ അന്തിമ ജന്മം നമുക്ക് പവിത്രമായിരിക്കേണ്ടതുണ്ട് അതിനാൽ നമ്മൾ പവിത്രമായിരിക്കുന്നു. പക്ഷേ ജ്ഞാനത്തിന്റെ ലഹരിയുള്ളവർ മാത്രമേ ഇങ്ങനെ പറയുകയുള്ളൂ. ഇവിടെ വന്നിട്ടും ഏതെങ്കിലും ദേഹധാരികളെ ഓർമ്മിക്കുകയല്ല ചെയ്യേണ്ടത്. ദേഹാഭിമാനത്തിൽപ്പെട്ട് അടികൂടുന്നതും വഴക്കടിക്കുന്നതും ക്രോധത്തിന്റെ ഭൂതമാണ്. അങ്ങനെ ദേഷ്യപ്പെടുന്നവരുടെ ഭാഗത്തേയ്ക്ക് ബാബ നോക്കുകപോലുമില്ല. സേവനം ചെയ്യുന്നവരോടാണ് സ്നേഹം തോന്നുക. ദേഹാഭിമാനത്തിന്റെ

എന്ത് പദവി നേടും! നിങ്ങൾക്ക് സാക്ഷാത്ക്കാരമുണ്ടാകും നമ്മൾ തെറ്റ് ചെയ്തു എന്ന് അപ്പോൾ നിങ്ങൾക്ക് ഓർമ്മ വരും. ബാബ പറയുന്ന ഭാഗ്യത്തിൽ ഇല്ലായെങ്കിൽ എന്ത് ചെയ്യുവാൻ സാധിക്കും. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം

1) ബന്ധനമുക്തമാകുവാൻ വേണ്ടി ജ്ഞാനത്തിന്റെ ലഹരിയുണ്ടായിരിക്കണം. ദേഹാഭിമാനത്തോടെയുള്ള പെരുമാറ്റമാകരുത്. പരസ്പരം ഉപ്പ് വെള്ളമാകുന്ന സംസ്കാരമുണ്ടാക്കരുത്. ദേഹാധാരികളോട് പ്രീതിയുണ്ടെങ്കിൽ ബന്ധനമുക്തമാകുവാൻ സാധിക്കില്ല.

2) കർമ്മയോഗിയായിരിക്കണം, തീർച്ചയായും ഓർമ്മയിലിരിക്കണം. ആത്മാഅഭിമാനിയായി വളരെ മധുരവും ശീതളവുമാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. സേവനത്തിന് എല്ലുകൾ അർപ്പിക്കണം.

## വരദാനം:- ശ്രീമതത്തിലൂടെ സ്വന്തം അഭിപ്രായത്തിന്റെയും ജനാഭിപ്രായത്തിന്റെയും കലർപ്പിനെ സമാപ്തമാക്കുന്ന സത്യമായ സ്വമംഗളകാരിയായി ഭവിക്കട്ടെ.

ബാബ കുട്ടികൾക്ക് സ്വമംഗളത്തിനും വിശ്വമംഗളത്തിനും വേണ്ടി സർവ്വ ഖജനാവുകളും തന്നിട്ടുണ്ട് പക്ഷെ അവയെ വ്യർത്ഥ കാര്യങ്ങളിൽ ഉപയോഗിക്കുക, അമംഗളകാര്യങ്ങളിൽ ഉപയോഗിക്കുക, ശ്രീമതത്തിൽ സ്വന്തം അഭിപ്രായവും ജനാഭിപ്രായവും കലർത്തുക- ഇത് സൂക്ഷിക്കാനേൽപ്പിച്ച മുതലിനെ കൊള്ളയടിക്കലാണ്. ഇപ്പോൾ ഈ കൊള്ളയടിക്കലിനെയും കലർത്തുന്നതിനെയും സമാപ്തമാക്കി ആത്മീയതയും ദയയും ധാരണ ചെയ്യൂ. സ്വയത്തോടും മറ്റുള്ളവരോടും ദയ കാണിച്ച് സ്വ മംഗളകാരിയാകൂ. സ്വയത്തെ നോക്കൂ, ബാബയെ നോക്കൂ മറ്റുള്ളവരെ നോക്കരുത്.

## സ്ലോഗൻ:- സദാ ഹർഷിതരായി അവർക്കാണ് ഇരിക്കാൻ സാധിക്കുക ആരാണോ ഒരിക്കലും ആകർഷിതരാകാത്തത്.

**അവ്യക്ത സൂചനകൾ- കമ്പൈന്റ് രൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയിയാകൂ.**
ബാബയും നമ്മളും- കമ്പൈന്റാണ്, ചെയ്യിപ്പിക്കുന്നവൻ ബാബയും ചെയ്യാൻ നിമിത്തമായിട്ടുള്ളത് ഞാൻ ആത്മാവുമാണ്- ഇതിനെയാണ് പറയുന്നത് നിശ്ചിന്തം അതായത് ഒന്നിന്റെ ഓർമ്മ. ശുഭ ചിന്തനത്തിലിരിക്കുന്നവർക്ക് ഒരിക്കലും ചിന്തയുണ്ടായിരിക്കില്ല. എങ്ങനെയാണോ ബാബയും താങ്കളും കമ്പൈന്റായിരിക്കുന്നത്, ശരീരവും ആത്മാവും കമ്പൈന്റായിരിക്കുന്നത്, താങ്കളുടെ ഭാവിയിലെ വിഷ്ണു സ്വരൂപം കമ്പൈന്റായിരിക്കുന്നത്, അപ്രകാരം സ്വ സേവയും സർവ്വരുടെ സേവയും കമ്പൈന്റായിരിക്കണം, അപ്പോൾ പ്രയത്നം കുറവും സഫലത കൂടുതലും ലഭിക്കും.